# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1289 — 13.12.2012 ൽ - മറുപടിക്ക്

### ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബെന്നി ബെഹനാൻ<br>,, കെ. ശിവദാസൻ നായർ<br>,, ജോസഫ് വാഴക്കൻ<br>,, പി.സി. വിഷ്ണുനാഥ് | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്നും ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റി സംസ്ഥാനം, ജില്ല, താലൂക്ക് പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. പൊതുവിതരണ രംഗം സുതാര്യമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയാണ് മേൽ കമ്മിറ്റികളുടെ ഉദ്ദ്യേശ്യ ലക്ഷ്യം. |
| (ബി) | എവിടെയൊക്കെയാണ് ഈ കമ്മിറ്റികൾ പ്രവർത്തിക്കുന്നത് ; | (ബി) | സംസ്ഥാനത്ത് ഭക്ഷ്യോപദേശ വിജിലൻസ് കമ്മറ്റി സംസ്ഥാനം, ജില്ല, താലൂക്ക്, പഞ്ചായത്ത് തലങ്ങളിലാണ് പ്രവർത്തിക്കുന്നത്. |
| (സി) | കമ്മിറ്റികളുടെ പ്രവർത്തനരീതിയും ഉത്തരവാദിത്തങ്ങളും എന്തെല്ലാമാണ് ; വിശദമാക്കുമോ ? | (സി) | ജില്ലാതല കമ്മിറ്റികൾ മാസത്തിൽ ഒരു തവണയും, താലൂക്ക്, പഞ്ചായത്ത് സമിതികൾ രണ്ട് മാസത്തിൽ ഒരിക്കലും യോഗം ചേരണം. അതാത് കമ്മിറ്റികളുടെ പരിധിയിൽ പൊതുവിതരണ സമ്പ്രദായം സുതാര്യവും കാര്യക്ഷമമായും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയാണ് കമ്മറ്റികളുടെ ഉദ്ദ്യേശ്യ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ